# 'ഇവരും ഇന്ത്യയിലെ പൗരന്മാരാണ്'

## വി.ആർ. കൃഷ്ണയ്യർ പ്രധാനമന്ത്രിക്കയച്ച കത്ത്

**വി.ആർ. കൃഷ്ണയ്യർ**
(മുൻ സുപ്രീംകോടതി ജഡ്ജി)

ഫാക്സ് & ഫോൺ : 0484-2370088
'സദ്ഗമയ', എം.ജി. റോഡ്, എറണാകുളം
കൊച്ചി-682 011
E-mail : krishna@md3.vsnl.net.in
Website : www.vrkrishnaiyer.org

ആദരണീയനായ പ്രധാനമന്ത്രി,

ജീവൻ, അമൂല്യമായ ജീവൻ – ദൈവികമാം വിധം സമാനവും സാർവ്വത്രികമായി കർമ്മനിരതവുമാണ്. മേധാ പട്കറുടെ കണ്ണീരിൽ കുതിർന്ന ഒരു കത്തെനിക്ക് ലഭിച്ചു. അതിലെ ഉദാത്തമായ ചിന്തയും സഹാനുഭൂതിയാർന്ന മനുഷ്യത്വവും എന്റെ ആത്മാവിന്റെ ആഴങ്ങളിൽനിന്ന് ഉദ്ദീപിപ്പിക്കുന്നത് സഹോദര്യത്തിന്റേയും കഷ്ടപ്പാടുകൾ പോലും പങ്കുവയ്ക്കുന്നതിലെ അനുഭൂതിയുടേയും തിരിച്ചറിവാണ്.

ഇതെല്ലാം വ്യർത്ഥപ്രസ്താവനകളല്ല. മറിച്ച് ഭീഷണിയിലകപ്പെട്ട അമൂല്യവനങ്ങളുടേയും, അവശ്യവസ്തുക്കൾ പോലുമില്ലാത്ത പ്രാകൃതവും, അവഗണനയിലമർന്ന കുഗ്രാമങ്ങളിലെ ആദിവാസികളനുഭവിക്കുന്ന തീവ്രമായ വേദനയുടേയും, ഗതിയില്ലായ്മയുടേയും കഥയാണ്. നമ്മൾ ഭാരത ജനത ഒന്നാണ്. നർമ്മദയുടെ മനുഷ്യത്വം നമ്മുടെ ഭാഗമാണ്. നർമ്മദ കര കവിഞ്ഞുണ്ടായ ഭീകരപ്രളയത്തിനിരയായ ആദിവാസികൾ അനുഭവിക്കുന്ന വേദനയുടേയും നിസ്സഹായാവസ്ഥയുടേയും പ്രതികരണമാണ് മേധാപട്കർ.

ആദിവാസിയോ അല്ലാത്തവരോ ആയ ഓരോ സാധാരണ പൗരന്റേയും നിലനില്പും സുരക്ഷയും ഉറപ്പ് വരുത്താൻ നാം ബാദ്ധ്യസ്ഥരാണ്.

പരമോന്നതമായ നമ്മുടെ ഭരണഘടന ഉറപ്പു നല്കുന്ന മൗലികാവകാശങ്ങൾ നിലനിർത്താൻ സംസ്ഥാന/കേന്ദ്ര ഭരണകർത്താക്കൾ കടപ്പെട്ടിരിക്കുന്നു. പാവപ്പെട്ടവരും നിസ്സഹായരുമായ ജനങ്ങൾക്കുണ്ടായേക്കാവുന്ന അപകട സാദ്ധ്യതകൾ മുൻകൂട്ടി കണ്ടറിഞ്ഞ് കരുതൽ നടപടിയെടുക്കാനും ഭരണകർത്താക്കൾ ബാദ്ധ്യസ്ഥരാണ്.

നർമ്മദ ഭീഷണിയിലകപ്പെട്ടവരുടെ ജീവിതത്തിന് ആശയേകാൻ സത്വരമായ നടപടികൾ കൈക്കൊള്ളാൻ ഞാൻ അങ്ങയോട് താഴ്മയോടെ അപേക്ഷിക്കുന്നു.

ബഹുമാനപ്പെട്ട പ്രധാനമന്ത്രി, താങ്കളുടെ രാജ്യഭരണ കുശലതയും, ഭരണഘടനാബോധവും, ഉന്നത പദവിയേറ്റെടുത്തപ്പോഴുള്ള പ്രതിജ്ഞയുമൊക്കെ താങ്കളെ അശാന്തനാക്കിയേക്കാം, ആദിവാസികളെ സംരക്ഷിക്കുന്നതുവരെ.

അതിബൃഹത്തായ അധ്വാനിക്കുന്ന ജനവിഭാഗമാണ് ഗണിക്കപ്പെടേണ്ടത്. നമ്മുടെ സോഷ്യലിസ്റ്റ് ജനാധിപത്യ റിപ്പബ്ലിക് മനുഷ്യത്വപരമായൊരു യാഥാർത്ഥ്യമാകണമെങ്കിൽ. അതിശക്തമായ സ്വകാര്യ ഉടമസ്ഥാവകാശങ്ങൾ അംഗീകരിക്കേണ്ടത്



"ജീവിക്കലും, ജീവിക്കാനനുവദിക്കലുമെന്ന" തത്വമാണ്.

ഉൽക്കടമായ വേദനയോടെയാണ് ഞാനിതെഴുന്നത്. രാജ്യത്തിന്റെ സമ്പത്ത് കൂടുതൽ അനുഭവിക്കുന്ന നാം അവഗണിക്കപ്പെട്ടവരുടെ സാമൂഹിക നീതി ഉറപ്പുവരുത്താൻ കടപ്പെട്ടിരിക്കുന്നു. നാം ഭാരതീയർ. കണ്ണീരും പങ്കിട്ടെടുക്കേണ്ടവർ. മേധാ പട്കറുടെ അഭ്യർത്ഥനയുടെ പ്രസക്ത ഭാഗം അങ്ങയുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

**ആഗസ്റ്റ് 5 ന് പ്രഭാതത്തിൽ തിരയടിച്ചെത്തിയ നർമ്മദാ ജലം സർദാർ സരോവർ അണക്കെട്ട് നിർമ്മാണസ്ഥലത്ത് 113 മീറ്റർ ഉയരത്തിലെത്തി. വമ്പിച്ച നാശനഷ്ടങ്ങൾ വിതറി അത് ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ ഏകദേശം എല്ലാ ആദിവാസി ഗ്രാമങ്ങളേയും വെള്ളത്തിനടിയിലാക്കി.**

**മണിബേലി, ധൻവേടി, ചിമൽ ഖേടി, ഭരാട്, ഡോംഖേടി, നിംഗാവൻ, ബാദൽ തുടങ്ങിയ ഗ്രാമങ്ങൾ കൂടാതെ മദ്ധ്യപ്രദേശിലെ ജാൽസിൻഡി പോലുള്ള ഗ്രാമങ്ങളും വെള്ളത്തിനടിയിലായി. ആഗസ്റ്റ് 6 ന് ബുധനാഴ്ച ബിൽഗാവോൺ, കക്കറാണ ഗ്രാമങ്ങളും പ്രളയത്തിലായി.**

**മണിബേലി, ഭരാദ്, ബാദൽ, ഡനേൽ തുടങ്ങിയ നാലു ജീവൻശാലക (വിദ്യാലയങ്ങൾ) ളോടൊപ്പം നൂറുകണക്കിനു വീടുകളും കൃഷിയിടങ്ങളും വെള്ളത്തിൽ മുങ്ങിപ്പോയി. ആഞ്ഞടിച്ച ജലം തകരക്കൂരകളെ പോലും വിഴുങ്ങി. നർമ്മദ താഴ്‌വരയിലെ നൂറുകണക്കിന് ആദിവാസി കുടുംബങ്ങൾ അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തെ നേരിടുകയാണ്. കേവലം നാലുനാൾക്കുള്ളിൽ സരോവർ അണക്കെട്ട് ജലസംഭരണി 100 മീറ്റർ താഴെ ലെവലിൽനിന്ന് 113**

**നർമ്മദയിൽ ജീവൻ മുങ്ങിമരിച്ചുകൊണ്ടിരിക്കുകയാണ്,**



ഫോട്ടോ : കെ.സി. സന്തോഷ്കുമാർ

മീറ്ററായി ഉയർന്നു.

മുകൾപരപ്പിൽ പെയ്ത കനത്ത മഴ മാത്രമല്ല ഈ ജലനിരപ്പ് വർദ്ധനയ്ക്കു നിദാനം. കൂടുതൽ വ്യക്തമായി പറഞ്ഞാൽ ആഗസ്റ്റ് 3 മുതൽ പാവ്ജെട്ട്പൂർ താലൂക്കിൽ ഭോദ്രഗ്രാമത്തിന്നരികിൽ കനാൽ ചുമരിൽ വൻവിള്ളലുണ്ടായി. ഇതുമൂലം നർമ്മദ, മുഖ്യകനാലിൽനിന്നും കവിഞ്ഞ് പുറന്തള്ളപ്പെട്ട വെള്ളമായിരുന്നു ഇതിനു കാരണമായത്. ഈ തിയ്യതി മുതലാണ് ജലസംഭരണിയിലെ ജലനിരപ്പ് വളരെ പെട്ടെന്നുയർന്നത്. 6-ാം തിയ്യതി പുലർച്ചെ മുതൽ തന്നെ അണക്കെട്ടിൽ ജലം 113 മീറ്റർ കവിഞ്ഞൊഴുകുകയാണ്.

മദ്ധ്യപ്രദേശിലെ അലിരാജ്പൂർ താലൂക്കിൽ പതിനേഴോളം ഗ്രാമങ്ങൾ വെള്ളത്തിലാണ്ടുപോയത് ഉഗ്രനാശമാണുണ്ടാക്കിയത്. ജാൽസിണ്ടി, അനുജൻവാര, ബാഡ, അംബ, ബിറ്റാട, ജൻഡാന, കക്രാണ, ടൂർഖേഡ, സുഗാട്ട് തുടങ്ങിയിടങ്ങളിൽ നിലനിന്നിരുന്നു. ചോളം, ജോവർ, പച്ചക്കറി കൃഷികൾ മുഴുവനും നശിച്ചു. വെള്ളത്തിന്നടിയിലാകുന്നതിനു മുമ്പേ ആദിവാസികളെ മാറ്റാനും, മറ്റു പാർപ്പിടങ്ങൾ നൽകാനും മഹാരാഷ്ട്ര സർക്കാർ പരാജയപ്പെട്ടു. ഒരാഴ്ചയിലേറെ അവരുടെ ഭൂമി തുരുത്തുകളായതിനു ശേഷമാണ് ജനങ്ങൾ വെള്ളത്തിലാകുന്നതിനെ അഭിമുഖീകരിക്കേണ്ടി വന്നത് എന്നോർക്കണം.



ചില ഗ്രാമങ്ങളിലെ ജനങ്ങളെ അറസ്റ്റു ചെയ്യുകയും, യാതൊരു അഭയസ്ഥാനങ്ങളുമേകാതെ തുറസ്സായ സ്ഥലങ്ങളിലിടുകയും ചെയ്തതൊഴിച്ചാൽ മഹാരാഷ്ട്ര സർക്കാർ ഒന്നും ചെയ്തില്ല. അവരുടെ അവസ്ഥ അതിഭയാനകമായിരുന്നു. ഒരു തരത്തിലുള്ള ആതുരചികിത്സാ സൗകര്യങ്ങളുടെയും അഭാവം മൂലം പകർച്ചവ്യാധികളെ നേരിടേണ്ട അവസ്ഥയിലായിരുന്നു അവർ. മാത്രമല്ല ഭക്ഷണമോ, പാർപ്പിടസൗകര്യമോ അവർക്ക് ലഭ്യമായിരുന്നതുമില്ല.

സംസ്ഥാന സർക്കാറുകളും, അവരുടെ പോലീസും സാമ്പത്തിക സഹായികളും, രാഷ്ട്രീയ പാർട്ടികളും, സ്ഥാപിതതാല്പര്യക്കാരുമെല്ലാം കൂടി ഇന്ത്യയിലെ മറ്റൊരു ആദിവാസി ഭൂപ്രദേശം കൂടി വെള്ളത്തിലാഴ്ത്തി. അതിലെ ജനങ്ങളെ അനാഥരാക്കി.

ഈ ഘട്ടങ്ങളിൽപോലും മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് സർക്കാരുകൾ ഈ ജനങ്ങളെ പുനരധിവസിപ്പിക്കേണ്ട കടമയിൽനിന്നും ഒഴിഞ്ഞുമാറുകയാണ്. ഭൂമിയടിസ്ഥാനമാക്കിയുള്ള ഏതെങ്കിലും തരത്തിലുള്ള പുനരധിവസിപ്പിക്കലിൽനിന്നും മദ്ധ്യപ്രദേശ് സർക്കാർ കൈകഴുകിയൊഴിഞ്ഞു. അതേസമയം മഹാരാഷ്ട്ര ഭരണാധികാരികൾ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിൽനിന്നും ഉദാസീന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അടുത്തതായി മദ്ധ്യപ്രദേശിലെ ഏറെ സൗകര്യങ്ങളുള്ള ഫലഭൂയിഷ്ഠ നിമാഡ് സമതല ഗ്രാമങ്ങളാണ്. ഇവിടെയും ഉമാഭാരതി സർക്കാർ അവരുടെ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞുമാറി.

*"ഐക്യമാണ് നമ്മുടെ ശക്തി. ശക്തമായ മുന്നേറ്റമാണ് ജയം"*

*ആത്മാർത്ഥതയോടെ,*

*അങ്ങയുടെ*

***വി.ആർ. കൃഷ്ണയ്യർ***




**ഇപ്പോഴാണ് എന്തെങ്കിലും ചെയ്യേണ്ടത്.**